മലയാള മനോരമ
ESTABLISHED 1888
30 May 2019



സിഎംഎഫ്ആർഐയുടെ മേൽനോട്ടത്തിൽ മൂത്തകുന്നത്തു നടത്തിയ കല്ലുമ്മക്കായ കൃഷി വിളവെടുക്കുന്നു.

# കല്ലുമ്മക്കായ: കലക്കൻ നേട്ടവുമായി കർഷകർ

കൊച്ചി● പ്രളയം ചതിച്ചില്ല, കല്ലുമ്മക്കായ കൃഷിയിൽ വൻ നേട്ടം കൊയ്തു കർഷകസംഘങ്ങൾ. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) മേൽനോട്ടത്തിൽ മൂത്തകുന്നത്തെ കർഷക സംഘങ്ങൾ നടത്തിയ കൃഷിയിലാണു മികച്ച വിളവു ലഭിച്ചത്. 5 കർഷക സംഘങ്ങളാണു കല്ലുമ്മക്കായ കൃഷിയിറക്കിയത്.

സംഘാംഗങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. കഴിഞ്ഞ ജനുവരിയിലാണു കൃഷി തുടങ്ങിയത്. 6.5 ടൺ കല്ലുമ്മക്കായയാണു മൊത്തം വിളവ്. പ്രളയത്തിൽ ഇവരുടെ കടൽമുരിങ്ങക്കൃഷി പൂർണമായി നശിച്ചിരുന്നു. പ്രളയാനന്തരം കായൽ ജൈവഘടനയിൽ വന്ന മാറ്റം കല്ലുമ്മക്കായ കൃഷിയെയും ബാധിക്കുമോ എന്ന ആശങ്കയിലായിരുന്നു കർഷകർ. എന്നാൽ, മികച്ച വിളവു ലഭിച്ചതിലൂടെ പ്രളയനഷ്ടം ചെറിയ തോതിലെങ്കിലും നികത്താനാകുമെന്നാണ് ഇവരുടെ പ്രതീക്ഷ.

സിഎംഎഫ്ആർഐയുടെ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷിക്കു മൊളസ്കൻ ഫിഷറീസ് വിഭാഗം നിർദേശങ്ങൾ നൽകി. സിഎംഎഫ്ആർഐ തന്നെ വികസിപ്പിച്ച ശാസ്ത്രീയ ശുദ്ധീകരണ പ്രക്രിയയ്ക്കു ശേഷമാണു കല്ലുമ്മക്കായ വിൽപന. ശുദ്ധീകരിച്ചു തോടു കളഞ്ഞ കല്ലുമ്മക്കായ സിഎംഎഫ്ആർഐയുടെ കാർഷിക സാങ്കേതികവിദ്യാ വിവരണ കേന്ദ്രത്തിൽ (ആറ്റിക്) നിന്നു പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10നും വൈകിട്ട് 4നുമിടയിൽ വാങ്ങാം. വില 250 ഗ്രാം പായ്ക്കറ്റിന് 175 രൂപ.

ഔഷധഗുണങ്ങളുള്ള മാംസമാണു കല്ലുമ്മക്കായയിലേത്. കുട്ടികളുടെ ബുദ്ധിവളർച്ചയ്ക്ക് അവശ്യമായ ഒമേഗ-3 ഫാറ്റി ആസിഡിനാൽ സമ്പുഷ്ടമാണിത്. അത്യപൂർവമായ ധാതുലവണം സെലീനിയത്തിനു പുറമെ സിങ്ക്, കാത്സ്യം, അയൺ, ഫോസ്ഫറസ്, സോഡിയം, പൊട്ടാസ്യം, മഗ്നീഷ്യം, കോപ്പർ തുടങ്ങിയവയും കല്ലുമ്മക്കായിൽ അടങ്ങിയിട്ടുണ്ട്.